ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരവധി നവീകരണ പ്രവർത്തനങ്ങൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനമായി ഇ ഫയലിംഗ്, ഇ പേമെന്റ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കി. നിയമാനുസൃത ഫാറങ്ങൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനവും ഓൺലൈൻ മുഖേന വാറ്റ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. എല്ലാ വിണിജ്യ നികുതി വകുപ്പ് ഓഫീസുകളും പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചു. പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജുകൾ, ഫൈബർ ലാമ്പുകൾ, ജനറേറ്ററുകൾ തുടങ്ങിയവ സ്ഥാപിച്ച് ആധുനികവത്കരിച്ചു. അഴിമതി തടയുന്നതിന്റെ ഭാഗമായി, പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളായ അമരവിള, വാളയാർ, ബംഗ്രമഞ്ചേശ്വരം എന്നിവിടങ്ങളിൽ അഴിമതിരഹിത പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി മേൽപ്പറഞ്ഞ ചെക്ക്പോസ്റ്റുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് താമസസൗകര്യം, ഭക്ഷണസൗകര്യം എന്നിവ നൽകി.

(ബി) നടപ്പിലാക്കിയ നവീകരണ പദ്ധതികൾ എല്ലാം തന്നെ ഫലപ്രാപ്തിയുണ്ടാക്കിയിട്ടുണ്ട്. ഇ-പേമെന്റ് സംവിധാനത്തിലൂടെ വ്യാപാരികൾ അടയ്ക്കുന്ന നികുതി തത്സമയം തന്നെ ഖജനാവിലേയ്ക്ക് എത്തിച്ചേരുന്നു. ഇ-ഫയലിംഗ് സംവിധാനം ലളിതവും സുതാര്യവുമാണ്. വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ഡാറ്റാബേസിൽ ഉള്ളതിനാൽ റിട്ടേൺ സ്ക്രൂട്ടിണി വഴി കണക്കിൽ ഉൾപ്പെടുത്താത്ത ക്രയവിക്രയങ്ങൾ കണ്ടുപിടിക്കാവുന്നതാണ്. ഇത് നികുതി ചോർച്ച തുടയുന്നതിന് സഹായിക്കുന്നു. പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിച്ചതിലൂടെ ചെക്ക്പോസ്റ്റുകൾ വഴി കടന്നു പോകുന്ന വാഹനങ്ങളുടെയും ചരക്കുകളുടെയും വിശദവിവരങ്ങൾ ഉടൻ തന്നെ നികുതി നിർണ്ണയ അധികാരികൾക്ക് ലഭ്യമാകുന്നു. അഴിമതിരഹിത പദ്ധതിയുടെ ഭാഗമായി ചെക്ക് പോസ്റ്റുകളിലെ കൈക്കൂലി, മാമൂൽ തുടങ്ങിയവ പൂർണ്ണമായും ഇല്ലാതാക്കുവാൻ കഴിഞ്ഞു.

(സി) 30-11-2010-ലെ കണക്കനുസരിച്ച് വാണിജ്യ നികുതി വകുപ്പിലെ വരുമാനത്തിൽ 1789.07 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് മുൻ വർഷത്തെ ഇതേ കാലയളവിലെ വരുമാനത്തേക്കാൾ 23% കൂടുതൽ ആണ്.

മലബാർ ഉത്തേജക പാക്കേജ്

133 (1722) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഉത്തേജക പാക്കേജ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ എന്തു തുകയാണ് ഈ പദ്ധതിക്കായി നീക്കി വച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ച് ഏതെല്ലാം പദ്ധതികൾ വിഭാവനം ചെയ്തു ; അതിൽ ഏതെല്ലാം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തു തുകയ്ക്കുള്ള പദ്ധതികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനി നടപ്പാക്കാനുള്ള പദ്ധതികൾ ഏതെല്ലാം ; എത്ര തുകയാണ് പ്രസ്തുത പദ്ധതികൾക്ക് ചെലവഴിക്കാനുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1500 കോടി രൂപയുടെ മലബാർ പാക്കേജാണ് 2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ മലബാർ മേഖലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് മരാമത്ത്, ജലസേചനം, വ്യവസായം, കുടിവെള്ളം, ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ തുടങ്ങിയ ഇനങ്ങളിലായി 1693 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

റോഡുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ചീഫ് ടെക്നിക്കൽ എക്സാമിനർക്കുള്ള സംവിധാനം

134 (1723) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുമരാമത്ത് റോഡുകൾ വ്യാപകമായി തകർന്ന സാഹചര്യത്തിൽ പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണങ്ങളിൽ കൃത്യമായ അളവിലുള്ള ടാറും, മെറ്റലും ഉപയോഗിക്കുന്നില്ല എന്ന ആക്ഷേപം വ്യാപകമായി ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഇത് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ടാറിംഗ് നടത്തിയ ഭാഗം ലാബിൽ ടെസ്റ്റ് ചെയ്യുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഈ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റോഡുപണിക്ക് ഉപയോഗിക്കുന്ന മെറ്റലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, 50 ക്യൂ. മീറ്ററിൽ കൂടുതൽ മെറ്റൽ ഉപയോഗം വരുന്ന പണികളുടെ മെറ്റലിന്റെ അളവ്, പണി തുടങ്ങുന്നതിനുമുമ്പ് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഉത്തരവ് നിലവിലുണ്ട്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ റാൻഡമായി തെരഞ്ഞെടുത്ത് ഈ വിംഗിൽ നിന്ന് പരിശോധന നടത്തുന്നുണ്ട്. എന്നാൽ പണി തുടങ്ങുന്നതിന് മുമ്പ് ടാറിന്റെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെറ്റലിന്റെ അളവ്, പണി തുടങ്ങുന്നതിനുമുമ്പ് റാൻഡമായി പരിശോധന നടത്തുന്നുണ്ട്. ടാറിന്റെ അളവ്, പണി ചെയ്യുന്നതിനുമുമ്പ് പരിശോധിക്കാൻ സംവിധാനങ്ങളില്ല.

(സി) ടാറിംഗ് നടത്തിയ ഭാഗത്തെ സാമ്പിൾ എടുത്ത് കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (പി.ഡബ്ല്യു.ഡി)-ന്റെ ലാബിൽ കൊടുത്ത് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. എന്നാൽ പണിപൂർത്തീകരിച്ചതിനുശേഷം സാമ്പിളിൽ നിന്ന് ടാറിന്റെ കൃത്യമായ അളവ് നിർണ്ണയിക്കാൻ ഇപ്പോൾ നിലവിലുള്ള ശാസ്ത്രീയ പരിശോധന അപര്യാപ്തമാണ്. ആയതിനാൽ ടാറിന്റെ കൃത്യമായ അളവ്, പണി തുടങ്ങുന്നതിനുമുമ്പ് പരിശോധിക്കുന്നതാണ് അഭികാമ്യം. പണി തുടങ്ങുന്നതിനുമുമ്പ് തന്നെ ഉപയോഗിക്കേണ്ട ടാറിന്റെ അളവ് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനം

135 (1726) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ നാലു വർഷത്തെ പ്രവർത്തനം കൊണ്ട് സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുരുതര ക്രമക്കേടുകൾ സംബന്ധിച്ച എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട് ; അവയിൽ സ്വീകരിച്ച നടപടിക്കുറിപ്പുസഹിതം ആ റിപ്പോർട്ടുകൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനെക്കുറിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധന സംബന്ധിച്ച വിവരവും സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്. ഇതിനായി എല്ലാ മാസവും ആദ്യത്തെ ആഴ്ചയിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിലെ ഓഫീസർമാരുടെ യോഗം വിളിക്കുകയും തൊട്ടുമുൻമാസത്തെ പ്രവർത്തനം അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും ആകസ്മിക പരിശോധനകൾ നടത്തുന്നതിന്റെ ഭാഗമായും കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ധനകാര്യ പരിശോധനാ വിഭാഗം സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, സർവ്വകലാശാലകൾ, വിവിധ കോർപ്പറേഷനുകൾ, വിവിധ ബോർഡുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിലായി 1000 ത്തിലധികം പരിശോധനകൾ നടത്തുകയും അനവധി ക്രമക്കേടുകൾ കണ്ടെത്തുകയും വേണ്ട പരിഹാര നടപടികൾ സംബന്ധിച്ച് അതത് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2010 സെപ്തംബർ മാസം വരെയുള്ള കാലയളവിൽ ധനകാര്യ പരിശോധനാ വിഭാഗം വിവിധ വകുപ്പുകളിലെ അധീനതയിലുള്ള ആഫീസുകളിൽ 1256 പരിശോധനകൾ നടത്തുകയും അവയിൽ 1160 കേസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ഇതു സംബന്ധിച്ച് തുടർ നടപടി നിർദ്ദേശങ്ങൾ സഹിതം അതാത് ഭരണവകുപ്പുകൾക്ക് റിപ്പോർട്ട് കൈമാറിയിട്ടുമുണ്ട്. ഇതിൽ 306 കേസുകളിൽ ഇതിനകം തന്നെ നടപടി പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയിൽ അതത് ഭരണ വകുപ്പുകളുടെ നടപടികൾ പുരോഗമിച്ചുവരുന്നു. 1160-ഓളം വരുന്ന റിപ്പോർട്ടുകൾ ഏകദേശം 12000 ത്തിൽപ്പരം പേജുകൾ ഉൾക്കൊള്ളുന്ന വയായതിനാൽ അവയുടെ പകർപ്പുകൾ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ സമർപ്പിക്കുക തികച്ചും അപ്രായോഗികമാണ്.

(സി) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ധനകാര്യ പരിശോധനാ (ബി) വിഭാഗം 2006 ഒക്ടോബർ മാസത്തിൽ പരിശോധന നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി 10-10-2007-ന് സാമൂഹ്യ ക്ഷേമ വകുപ്പിന് കൈമാറിയിരുന്നു. നിരവധി ഓർമ്മക്കുറിപ്പുകൾക്ക് ശേഷവും നടപടിക്കുറിപ്പ് സാമൂഹ്യക്ഷേമ വകുപ്പ് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

ഇ-സ്റ്റാമ്പിംഗ് സംവിധാനം

136 (1727) ശ്രീ. എം. ഉമ്മർ :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പ്യൂട്ടർവഴി മുദ്രപ്പത്രങ്ങൾ ലഭ്യമാക്കുന്ന ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ മെച്ചങ്ങൾ എന്തെല്ലാമാണ് ;

(സി) ഇ-സ്റ്റാമ്പിംഗ് ഫ്രാഞ്ചൈസികളാകാൻ ആവശ്യമായ മാനദണ്ഡങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ ജീവനക്കാരുടെ ശമ്പളം എ.ടി.എം. വഴി

137 (1729) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ജീവനക്കാരുടെ ശമ്പളം എ.ടി.എം. വഴി വിതരണം ചെയ്യുന്നതിനായി ഏതെല്ലാം ബാങ്കുകളുമായി ധാരണയിൽ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly